# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 541 27/07/2015 ൽ മറുപടിക്ക്

## സ്കൂളുകളിലെ അക്കാദമിക നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>,, വി.റ്റി.ബൽറാം<br>,, കെ.എസ്.ശബരീനാഥൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കുറച്ചുമാത്രം കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ അക്കാദമിക നിലവാരം ഉയർത്തി അതിലൂടെ പ്രസ്തുത സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) ഗുണനിലവാരം ഉയർത്തി അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകളിൽ കുട്ടികളുടെ പ്രവേശനം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രപരിപാടിയെന്ന നിലക്കാണ് 'ഫോക്കസ് 2015' ആരംഭിച്ചിരിക്കുന്നത്. വിദ്യാലയങ്ങളിലെ ലഭ്യമായ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്രദമാക്കുക, സാമൂഹ്യ ഇടപെടലുകൾ വിദ്യാലയ മികവിനായി ഉപയോഗപ്പെടുത്തുക, അധ്യാപകശേഷി വികസനത്തിന് സഹായകമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക, ഫലപ്രദമായ അധ്യാപന പ്രക്രിയ ക്ലാസ്സുകളിൽ ഉറപ്പാക്കുക, കുട്ടികളുടെ ആരോഗ്യപരവും സുരക്ഷിതത്വപരവുമായ കാര്യങ്ങൾ ശ്രദ്ധിക്കുക. സങ്കലിത വിദ്യാഭ്യാസം ഫലപ്രദമാണെന്ന് ഉറപ്പുവരുത്തുക, കൃത്യമായ വിലയിരുത്തലുകളിലൂടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക എന്നിവയാണ് |

| | | | |
|---|---|---|---|
| (vii) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് | (vii) | ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എല്ലാ ജില്ലകളിലും എൽ.എസ്.ജി/പി.ടി.എ അംഗങ്ങൾക്ക് ഓറിയന്റേഷൻ ട്രെയിനിംഗ് നൽകി സ്കൂൾ ഡവലപ്മെന്റ് പ്ലാൻ ഉണ്ടാക്കി നിരന്തരം മോണിട്ടറിംഗ് നടത്തിവരുന്നു. കൂടാതെ 1590 ൽപ്പ സ്കൂളുകൾ തെരഞ്ഞെടുത്ത് അവിടത്തെ അധ്യാപകർക്ക് പ്രത്യേക ഹാൻഡ് ബുക്ക് തയ്യാറാക്കി വിതരണം നടത്തി. ഇതിന്റെ ഫലമായി മതിയായ കുട്ടികൾ ഇല്ലാതിരുന്ന 253 സ്കൂളുകളിൽ 60 ൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടുകയുണ്ടായി. |

സെക്ഷൻ ഓഫീസർ